# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം.

(ഹാജർ:- ശ്രീ. എസ്. ഹരികിഷോർ, ഐഎഎസ്)

വിഷയം: സംസ്ഥാന കുടുംബശ്രീ - ദേശീയ നഗര ഉപജീവന മിഷൻ - നഗര ദരിദ്രർക്കുള്ള പാർപ്പിടം - പുനർജ്ജനി പകൽവീട് - പുനരുദ്ധാരണ പദ്ധതി - രണ്ടാം ഗഡു തുക അനുവദിച്ചു ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം:
1. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6:7 ഉപഘടകം 6.7.1
2. പരവൂർ നഗരസഭ സെക്രട്ടറി സമർപ്പിച്ചിരിക്കുന്ന വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്.
3. 28/03/2017 ൽ കൂടിയ സംസ്ഥാനതല പ്രോജക്റ്റ് സാങ്ഷനിംഗ് കമ്മിറ്റിയുടെ തീരുമാനം
4. 30.03.2017-ൽ ഈ ഓഫീസിൽ നിന്ന് പുറപ്പെടുവിച്ച 4868/എഫ്/2015/KSHO നമ്പർ ഉത്തരവ്
5. 26/3/2018-തീയതിയിൽ പരവൂർ നഗരസഭാ സെക്രട്ടറി അയച്ചിരിക്കുന്ന P2 /10104/16 നമ്പർ കത്ത്

***<u>ഉത്തരവ് നമ്പർ 3394/F/2016/KSHO തീയതി 31..03..2018</u>***

ദേശീയ നഗര ഉപജീവന മിഷന്റെ നഗര ദരിദ്രർക്കുള്ള ഭവന പദ്ധതി പ്രകാരം ഭവനരഹിതർക്കുള്ള പാർപ്പിടത്തിനായി പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തിയോ നിലവിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തിയോ ഏറ്റെടുക്കാവുന്നതാണ്.

ടി വ്യവസ്ഥ പ്രകാരം പരവൂർ നഗരസഭ സെക്രട്ടറി പരാമർശം (2) പ്രകാരം സമർപ്പിച്ചിരിക്കുന്ന പുനർജ്ജനി വൃദ്ധസദനം പുനരുദ്ധരിക്കുന്നതിനുള്ള 61,00,000/- രൂപ (അറുപത്തി ഒന്ന് ലക്ഷം) അടങ്കലുള്ള പ്രോജക്റ്റ് പരാമർശം (3) പ്രകാരം കൂടിയ സംസ്ഥാനതല പ്രോജക്റ്റ് സാങ്ഷനിംഗ് കമ്മിറ്റി . അംഗീകരിച്ച് പ്രവർത്തനാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ടി തുകയ്ക്കുള്ള ഭരണാനുമതി നൽകുകയും ആദ്യ ഗഡുവായി 20,00,000/- രൂപ (ഇരുപത് ലക്ഷം) അനുവദിച്ച് നൽകുകയും ചെയ്തിരുന്നു.

അനുവദിച്ച ആദ്യ ഗഡു വിനിയോഗിച്ച് 80% പ്രവൃത്തി പൂർത്തീകരിച്ചു എന്നും ആയതിനാൽ പദ്ധതിയുടെ രണ്ടാം ഗഡുവായ 20,00,000/-രൂപ (ഇരുപത് ലക്ഷം രൂപ)

അനുവദിക്കണമെന്നും പരാമർശം (5) പ്രകാരം പരവൂർ നഗരസഭാ സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പദ്ധതിയുടെ രണ്ടാം ഗഡുവായ 20,00,000/- രൂപ (ഇരുപത് ലക്ഷം) നഗരസഭാ സെക്രട്ടറിക്ക് അനുവദിച്ച് ഉത്തരവാകുന്നു. ടി തുക പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം വിനിയോഗിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം യഥാസമയം സംസ്ഥാന മിഷന് സമർപ്പിക്കേണ്ടതുമാണ്. ടി ചെലവ് എൻയുഎൽഎം ഫണ്ടിലെ സപ്പോർട്ട് ടു അർബൻ ഹോംലെസ്സ് എന്ന ശീർഷകത്തിൽ Refurbishment of Shelters എന്ന ഉപശീർഷകത്തിൽ (5.2) വകയിരുത്തേണ്ടതാണ്.

| പദ്ധതിയുടെ പേര് | അടങ്കൽ തുക | അനുവദിച്ച തുക (ഒന്നാം ഗഡു-40%) | അനുവദിക്കുന്ന രണ്ടാം ഗഡു |
|---|---|---|---|
| പരവൂർ നഗരസഭ – പുനർജ്ജനി പകൽവീട് – വൃദ്ധസദനം | 61,00,000 | 20,00,000 | 20,00,000 |

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. അക്കൗണ്ട്സ് സെക്ഷൻ – തുക അനുവദിക്കുന്നതിന്
2. സെക്രട്ടറി, കോട്ടയം പറവൂർ നഗരസഭ

പകർപ്പ്:

1. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, കോട്ടയം കൊല്ലം
2. കരുതൽ / അധികം

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ.